**'ഭരണഭാഷ – മാതൃഭാഷ'**

3380
21.11.15

അഡീഷണൽ എക്സൈസ് കമ്മീഷണറുടെ കാര്യാലയം,
(എൻഫോഴ്സ്മെന്റ്), നന്ദാവനം, തിരുവനന്തപുരം –33
✆ 0471-2322146, ✉ addlecenfo.exc@kerala.gov.in.

എക്സ്.ജെ6–1538/15 തീയതി: 16.11.2015

# സർക്കുലർ

വിഷയം – എക്സൈസ് എൻഫോഴ്സ്മെന്റ് – ഡിപ്പാർട്ടുമെന്റുവക വാഹനങ്ങളുടെ ലോഗ്ബുക്കിന്റെ പരിപാലനവുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് – സംബന്ധിച്ച്.

സൂചന – എക്സൈസ് കമ്മീഷണറുടെ 23.09.2015–ലെ എക്സ്.എം5–11055/15–ാം നമ്പർ കത്ത്.

എക്സൈസ് ഡിപ്പാർട്ട്മെന്റ് വക വാഹനങ്ങളുടെ ലോഗ് ബുക്കുകളിലെ രേഖപ്പെടുത്തലുകളും Monthly Abstract തയ്യാറാക്കലും കൂടുതൽ കാര്യക്ഷമവും ഏകീകൃതവുമാക്കുന്നതിന്റെ ഭാഗമായി എല്ലാ Custodian Officer മാരും താഴെ ചേർത്തിട്ടുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി എല്ലാ മാസാവസാനവും Monthly Abstract തയ്യാറാക്കേണ്ടതാണ്.

1. ഇന്ധനത്തിന്റെ മുന്നിരിപ്പ് (Opening fuel balance)
2. പ്രാരംഭ കിലോമീറ്റർ റീഡിംഗ് (Opening Odometer reading)
3. പൂർത്തീകരിച്ച കിലോമീറ്റർ റീഡിംഗ് (Closing Odometer reading)
4. ആകെ ഓടിയ ദൂരം (കിലോമീറ്റർ) (Kms covered)
5. നിറച്ച ഇന്ധനത്തിന്റെ അളവ് (Fuel drawn)
6. ഇന്ധനത്തിന്റെ നീക്കിയിരിപ്പ്* (Closing fuel balance)
7. ആകെ ഉപയോഗിച്ച ഇന്ധനം (Fuel used)
8. നിലവിലുള്ള ഇന്ധനക്ഷമത** (Actual Mileage)
9. സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഇന്ധന ക്ഷമത (Certified Mileage)

* വാഹനത്തിന്റെ ഇന്ധന ടാങ്കിലെ നിലവിലുള്ള നീക്കിയിരിപ്പ് അറിയുന്നതിന് ശരിയായി പ്രവർത്തിക്കുന്ന Fuel Gaugeനെ ആശ്രയിക്കാവുന്നതാണ്. അല്ലാത്തപക്ഷം മാസത്തിന്റെ അവസാന ദിവസം ഇന്ധന ടാങ്കിൽ പൂർണ്ണതോതിൽ ഇന്ധനം നിറച്ച

ശേഷം ടി ടാങ്കിന് ഉൾക്കൊള്ളാവുന്ന പരമാവധി ഇന്ധനത്തിന്റെ അളവ് 'നീക്കിയിരിപ്പ്' ആയി കണക്കാക്കാവുന്നതാണ്.

** ടാങ്കിലുള്ള ഇന്ധനത്തിന്റെ ബാക്കി അളവ് പരിശോധിച്ച് നിലവിലുള്ള ഇന്ധന ക്ഷമത തിട്ടപ്പെടുത്തേണ്ടതാണ്.

- സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഇന്ധന ക്ഷമത (Certified Mileage) പൂർണ്ണമായും ലഭിയ്ക്കാത്ത സാഹചര്യങ്ങളിൽ ആയത് മാനദണ്ഡമാക്കിയിട്ടുള്ള ടാങ്കിലെ ബാക്കി കണക്കാക്കൽ പ്രക്രിയ വാസ്തവ വിരുദ്ധമായ റീഡിംഗ് ലഭിയ്ക്കുന്നതിന് കാരണമായേക്കാവുന്നതാണ്.
- നിലവിലുള്ള ഇന്ധന ക്ഷമതയും (Actual Mileage) സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഇന്ധനക്ഷമതയും (Certified Mileage) താരതമ്യം ചെയ്യുമ്പോൾ നേരിയ വ്യത്യാസത്തിൽ കൂടുതൽ കാണുന്ന പക്ഷം ടി വാഹനം ഇന്ധന ക്ഷമതാ പുനഃപരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്.
- ഇന്ധന ബില്ലുകൾ പാസ്സാക്കുന്നതിന് മേലധികാരികൾക്കു സമർപ്പിക്കുമ്പോൾ Monthly Abstract യഥാവിധി പരിപാലിക്കുന്നുവെന്ന് Custodian Officer മാർ ഉറപ്പു വരുത്തുന്നത് ഉചിതമായിരിക്കും

മെക്കാനിക്കൽ എഞ്ചിനീയർ (എക്സൈസ്)

ഗ്രാഹകൻ

അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)
വിജിലൻസ് ഓഫീസർ (എക്സൈസ്)
പ്രിൻസിപ്പാൾ, SEARC, തൃശ്ശൂർ
എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എല്ലാ സബ് ഓഫീസുകളിലും ടി സർക്കുലറിന്റെ പകർപ്പുകൾ ലഭ്യമാക്കിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്)
എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും

പകർപ്പ്

എക്സൈസ് കമ്മീഷണർ, കേരളം, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ്) സി.എ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Sh11/11/15